# അനുബന്ധ പഠനങ്ങൾ

## യെരുശലേം പട്ടണം



അന്തോണിയ
കോട്ട
ദൈവാലയം
സ്ത്രീകളുടെ
പ്രാകാരവും
ഭണ്ഡാരവും
ജാതികളുടെ
പ്രാകാരം
ഹെരോദാവിന്റെ
കൊട്ടാരം
ജല
കവാടം
ഗിഹോൻ
ഉറവ
ഒലിവ് മല
ബെഥാന്യ
ശിലോഹോം
കുളം
കിദ്രോൻ തോട്
ഹിന്നോ താഴ്വര

## യേശുവിന്റെ[1] ഉപമകൾ

| | *മത്തായി* | *മർക്കൊസ്* | *ലൂക്കൊസ്* | *പുസ്തകം* |
|---|---|---|---|---|
| കുട്ടക്ക് കീഴിലുള്ള വിളക്ക് | 5:14, 15 | 4:21, 22 | 8:16; 11:33 | 2 |
| വളരുന്ന വിത്ത് | | 4:26–29 | | 3 |
| ബുദ്ധി ഉള്ളതും ഇല്ലാത്തതുമായ നിർമാതാക്കൾ | 7:24–27 | | 6:47–49 | 2 |
| പഴയ തുണിയിൽ പുതിയത് | 9:16 | 2:21 | 5:36 | 3 |
| പഴയ തുരുത്തിയിൽ പുതിയ വീഞ്ഞ് | 9:17 | 2:22 | 5:37, 38 | 3 |
| ക്ഷമിക്കുന്ന കടം കൊടുപ്പുകാരൻ | | | 7:41–43 | 3 |
| വിതക്കുന്നവനും മണ്ണും | 13:3–8, 18–23 | 4:3–8, 14–20 | 8:5–8, 11–15 | 3 |
| കോതമ്പിനിടയിൽ കളകൾ | 13:24–30, 36–43 | | | 3 |
| കടുക് വിത്ത് | 13:31, 32 | 4:30–32 | 31:18, 19 | 3 |
| മാവ് | 13:33 | | 13:20, 21 | 3 |
| ഒളിച്ചു വെച്ച നിധി | 13:44 | | | 3 |
| വലിയ വിലയുള്ള വിത്ത് | 13:45, 46 | | | 3 |
| വല | 13:47–50 | | | 3 |
| പഴയതും പുതിയതുമായ വസ്തുക്കൾ | 13:52 | | | 4 |
| കാണാതെ പോയ ആട് | 18:12–14 | | 15:4–7 | 4 |
| കരുണയില്ലാത്ത ദാസൻ | 18:23–34 | | | 4 |
| തോട്ടത്തിലെ വേലക്കാർ | 20:1–16 | | | 5 |
| രണ്ട് പുത്രന്മാർ | 21:28–32 | | | 5 |
| ദുഷ്ടരായ മുന്തിരി വളർത്തുകാർ | 21:33–44 | 12:1–11 | 20:9–18 | 5 |
| കല്യാണവിരുന്ന് | 22:2–14 | | | 5 |
| അത്തിവൃക്ഷം | 24:32–35 | 13:28, 29 | 21:29–31 | 6 |
| വിശ്വസ്തനും സ്വബോധവുമുള്ള ദാസൻ | 24:45–51 | | 12:42–48 | 6 |
| പത്തു കന്യകമാർ | 25:1–13 | | | 6 |
| ദാസന്മാരും താലന്തുകളും(മിനാസ്) | 25:14–30 | | 19:12–27 | 6 |
| ചെമ്മരിയാടും കോലാടും | 25:31–46 | | | 6 |
| ഉണർന്നിരിക്കുന്ന ദാസന്മാർ | | 13:35–37 | 12:35–40 | 6 |
| നല്ല ശമര്യക്കാരൻ | | | 10:30–37 | 4 |
| ആവശ്യത്തിലുള്ള സ്നേഹിതൻ | | | 11:5–8 | 4 |
| ധനവാനായ മൂഢൻ | | | 12:16–21 | 4 |
| ഫലം കായ്ക്കാത്ത അത്തി | | | 13:6–9 | 4 |
| വിരുന്നിനുള്ള ഇരിപ്പിടങ്ങൾ | | | 14:7–14 | 4 |
| നിസാരമായ ക്ഷണം | | | 14:16–24 | 4 |
| വില കണക്കാക്കൽ | | | 14:28–33 | 4 |

| | | |
|---|---|---|
| നഷ്ടപ്പെട്ട ദ്രഹ്മ | 15:8–10 | 4 |
| നഷ്ടപ്പെട്ട (മുടിയൻ)പുത്രൻ | 15:11–32 | 4 |
| സത്യസന്ധതയില്ലാത്ത | | |
| കാര്യവിചാരകൻ | 16:1–8 | 4 |
| യജമാനനും തന്റെ ദാസനും | 17:7–10 | 5 |
| മടുപ്പില്ലാത്ത വിധവ | 18:2–8 | 5 |
| പരീശനും ചുങ്കക്കാരനും | 18:10–14 | 5 |

കുറിപ്പ്

[1]ഇതിൽ ചിത്രവും, അടയാളവും, അലങ്കാര പ്രയോഗവും, സദൃശവാക്യവും യേശു ഉപയോഗിച്ചത് എല്ലാം ഉൾപ്പെടുത്തിയിട്ടില്ല, ഇതിൽ അവന്റെ പ്രസ്താവനകളും പലപ്പോഴും ഉപമകൾ എന്ന് വിശേഷിപ്പിച്ച സംഭവങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.


യേശുവിന്റെ
ശുശ്രൂഷാകാലത്തെ
പാലസ്തീൻ
സിദോൻ
ഫൊയ്നിക്യ
സോർ
കഫർന്നഹൂം
കൈസര്യ
ഗലീലി
ബാശാൻ ജില്ല
കഫർന്നഹൂം
ഗലീലാ
കടൽ
താബോർ
മല
ദക്കെപ്പൊലി
ശമര്യ
യോർദ്ദാൻ നദി
മഹാനദി
പെറിയ
(“യോർദ്ദാനപ്പുറം”)
യെരീഹോ
യെരുശലേം
ബെഥാന്യ
യെഹൂദ്യ
ചാവുടൽ

# പാപിയുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുമോ?

*"പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ലാ എന്നും; ദൈവ-ഭക്തനായിരുന്ന് അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും നാം അറിയുന്നു" (യോഹന്നാൻ 9:31).*

യോഹന്നാൻ 9:31 പാപിയായ ഒരു മനുഷ്യന്റെ രക്ഷക്ക് വേണ്ടിയുള്ള (ഒരിക്കലും ക്രിസ്ത്യാനിയായി തീരാത്ത ഒരാൾ) പ്രാർത്ഥന ദൈവം കേൾക്കുകയില്ലായെന്ന് "തെളിയിക്കുവാൻ ഉപയോഗിച്ചിട്ടുണ്ട്". പുതിയനിയമത്തിൽ ഒരിടത്തും ഒരു അ-ക്രൈസ്തവൻ പ്രാർത്ഥിച്ചിട്ടില്ല. മറിച്ച്, പുതിയനിയമ ശ്രോതാക്കളോട് രക്ഷിക്കപ്പെടുവാൻ കർത്താവിനെ വിശ്വസിച്ച് അനുസരിപ്പാനുമാണ് പഠിപ്പിച്ചിട്ടുള്ളത് (ഉദാഹരണത്തിന്, പ്രവൃത്തികൾ 2:36–38 നോക്കുക). എങ്ങനെയായാലും, ഈ സത്യങ്ങൾ സ്ഥാപിക്കുവാൻ ഉള്ള ഏറ്റവും നല്ല വേദ ഭാഗങ്ങളമല്ല യോഹന്നാൻ 9:31: (1) സംസാരിച്ചയാൾ ദൈവ ശ്വാസീയനായിരുന്നില്ല; (2) ആ വേദഭാഗത്തിൽ സൂചിപ്പിച്ച "പാപികൾ" ദൈവത്തിൽ നിന്ന് അകന്ന് പോയ പാപികളായിരുന്നില്ല, എന്നാൽ അവിശ്വസ്തരായിതീർന്ന ദൈവമക്കൾ ആയിരുന്നു (അതായത്, അനുസരണക്കേടിലായ യിസ്രായേൽമക്കൾ).

ദൈവത്തെ അനുസരിക്കാത്ത വ്യക്തികളുടെ രക്ഷക്കായുള്ള പ്രാർത്ഥന ദൈവം കേൾക്കയില്ലാ എന്നത് വാസ്തവമാണ് (മത്തായി 7:21–23). തന്റെ മക്കളുടെ അപേക്ഷകൾ അവൻ കേൾക്കുന്നത് പോലെ (പ്രതികരിക്കുക) ഒരു അ-ക്രൈസ്തവന്റെ അപേക്ഷകൾ ദൈവം കേൾക്കുന്നില്ലാഎന്നതും വാസ്തവമാണ് (മത്തായി 7:11) (നിങ്ങൾ നിങ്ങളുടെ മക്കളുടെ ആവശ്യങ്ങളാണോ അധികവും അനുവദിക്കുന്നത്, അതോ അയൽക്കാരന്റെ മക്കളുടേതാണോ?) എന്നിരുന്നാലും, രക്ഷിക്കപ്പെടാതിരുന്ന ഒരാളുടെ പ്രാർത്ഥന ദൈവം കേട്ടതായ ഒരു രേഖ നമുക്കുണ്ട്: കൊർന്നെല്യോസ് (പ്രവൃത്തികൾ 10:1–5; 11:14). (കൊർന്നല്യോസിന്റെ പ്രാർത്ഥന ദൈവം കേട്ടു എങ്കിലും, സുവിശേഷം അനുസരിക്കാതെ അവന്റെ പ്രാർത്ഥനയാൽ അവനെ രക്ഷിച്ചില്ല എന്ന് നാം കാണുന്നു.)

ബൈബിൾ പരിചയമുള്ള ആർക്കും യോഹന്നാൻ 9:31 ലേക്ക് ശ്രദ്ധതിരിക്കാം. പാപ മോചനത്തിനുള്ള സ്നാനം ആവശ്യമായ ഒരാൾക്ക് ഞാൻ ബൈബിൾ പഠനം നടത്തുകയായിരുന്നു. അയാൾ യോഹന്നാൻ 9:31 ഉദ്ധരിച്ച് പറഞ്ഞു, "ദൈവം പാപികളുടെ പ്രാർത്ഥന കേൾക്കുന്നില്ല, എന്നാൽ ദൈവം എന്റെ പ്രാർത്ഥന കേൾക്കുന്നുണ്ട്. അത് കൊണ്ട്, ഞാൻ ഒരു പാപി അല്ല. എനിക്ക് സ്നാനം ആവശ്യമില്ല."

നാം യോഹന്നാൻ 9:31 ന്നോ അല്ലെങ്കിൽ മറ്റൊരു വേദഭാഗമോ പഠിപ്പിക്കുമ്പോൾ, തിരുവെഴുത്ത് നാം *എങ്ങനെ* ഉപയോഗിക്കുന്നു എന്നത് ശ്രദ്ധിക്കണം. നാം എപ്പോഴും കണിശമായും സത്യസന്ധതുള്ളവരായിരിക്കണം.

ഡേവിഡ് റോപ്പർ

# “നരകത്തിൽ” നിന്നുള്ള കത്ത്

പാതാള ലോകം
ഇന്നലെ, ഇന്ന്, നാളെ
കർത്താവ് വരുന്നത്വരെ

പ്രിയ സ്നേഹിതാ,

എന്റെ വിശേഷം അറിയുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടും എന്നതിൽ സംശയമില്ല, സത്യം പറഞ്ഞാൽ എനിക്കുതന്നെ ആശ്ചര്യമാണ്. ജീവിച്ചിരിക്കുന്നവരുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം തികച്ചും അപ്രതീക്ഷിതമായിരുന്നു. ആ അവസരം നൽകിയത് എന്തിനാണെന്നറിയില്ല, എന്നാൽ അത് മിക്കപേരും കാര്യമായി എടുക്കുമെന്ന് ഞാൻ കരുതുന്നു.

എന്റെ സംഭവം നിങ്ങൾക്ക് അറിയാവുന്നതുകൊണ്ട് വിശദാംശങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എന്നാൽ, എന്റെ അനുഭവങ്ങളിൽനിന്ന് മനസിലാക്കിയത് ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. ഞാൻ മനസിലാക്കിയപ്പോൾ താമസിച്ചുപോയി, അതുകൊണ്ട് ഈ സന്ദേശം മറ്റുള്ളവരിൽ എത്തിക്കുവാൻ ഞാൻ നിങ്ങളിൽ ആശ്രയിക്കുന്നു. ദയവായി ഇതു ചെയ്യുക, അങ്ങനെ മറ്റുള്ളവർ ഇവിടെ വരാതിരിക്കും! എങ്ങനെയായാലും, ഞാൻ എന്റെ സംഭവത്തിലേക്ക് കടക്കട്ടെ.

**“നിങ്ങളുടെ ജീവിതം ദൈവത്തിനുവേണ്ടി ഉപയോഗിക്കുക”**

ആദ്യമായി ഞാൻ പറയാൻ പോകുന്നത് – ഒരു പക്ഷെ ഏറ്റവും പ്രധാനപ്പെട്ടത് ആകാം – ഓരോ ജീവിതത്തിനും ഒരു ഉദ്ദേശമുണ്ട്. നമ്മെ ഭൂമിയിൽ ആക്കിയിരിക്കുന്നതിനു ഒരു കാരണമുണ്ട്. അത് ദൈവത്തെ സേവിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനുമാണ്. *ഒരാൾ ദൈവത്തിന് വേണ്ടി തന്റെ ജീവിതം* ഉപയോഗിക്കുവാൻ ശീലിക്കുമ്പോൾ അയാൾ എത്ര ബദ്ധിയുള്ളവനാണ്!

ഞാൻ ജീവിച്ചിരുന്നപ്പോൾ ഇത് മനസിലാക്കിയില്ല. ഞാൻ അത്ര മോശമായി ജീവിച്ചു എന്നല്ല. വാസ്തവത്തിൽ, എനിക്കറിയാവുന്നേടത്തോളം, ഞാൻ *ചെയ്ത* കാര്യങ്ങളെ സംബന്ധിച്ച് വിമർശനങ്ങൾ കേട്ടിരുന്നില്ല, എന്നാൽ, ഞാൻ *ചെയ്യാതിരുന്നവയായിരുന്നു* എന്റെ തെറ്റ്.

---

*ലേഖകന്റെ കുറിപ്പ്: ഈ അസാധാരണ സമീപനം നിങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ, പ്രസംഗം തുടങ്ങുന്നതിനു മുൻപ് ഇതു ലൂക്കൊസ് 16:19–31 നെ അടിസ്ഥാനപ്പെടുത്തിയതാണെന്നും ആ വേദഭാഗത്തിലെ ധനവാന്റെ പ്രസ്താവനയായി അവതരിപ്പിക്കുന്നതാണെന്നും പറയുക. അവതരണത്തിന്റെ തയ്യാറെടുപ്പിനു സഹായകരമായി ഈ പാഠശേഷമുള്ള, പ്രസംഗത്തെ തുടർന്നു വരുന്ന “കുറിപ്പുകൾ” ശ്രദ്ധയോടെ വായിക്കുക.*

എന്റെ ജീവിതം ദൈവഭക്തിയുള്ളതായിരുന്നോ എന്ന് എന്നോട് ചോദിച്ചാൽ, ഞാൻ ആശ്ചര്യപ്പെട്ട് പറയുമായിരുന്നു, "സാറെ, ഞാൻ ഒരു യഹൂദനാണ്. ഞാൻ വിശ്വസ്തമായി ദൈവാലയ ശുശ്രുഷകളിൽ പങ്കെടുത്തിരുന്നു. നിർദ്ദേശിക്കപ്പെട്ട യാഗങ്ങൾ അർപ്പിക്കുകയും ചെയ്തിരുന്നു. ന്യായപ്രമാണത്തിൽ പറയുന്നതനുസരിച്ച് നൽകുകയും ചെയ്തിരുന്നു. പിന്നെയാണോ ദൈവത്തിനുവേണ്ടി എന്റെ ജീവിതം ഉപയോഗിക്കുന്നുണ്ടോ എന്ന് നിങ്ങൾ ചോദിക്കുന്നത്!" തീർച്ചയായും, ഞാൻ ജീവിക്കേണ്ടതുപോലെയല്ല ജീവിച്ചത്. ഞാൻ നീതിമാനാകേണ്ടതിനു പകരം മതപരമായി ജീവിച്ചതായിരുന്നു എന്റെ തെറ്റ്. ശുശ്രൂഷയിൽ–പങ്കെടുക്കൽ, യാഗം, നൽകൽ എന്നിവ: നല്ലതാണ്; എന്നാൽ കർത്താവിനു സമർപ്പിക്കപ്പെടാതിരുന്നാൽ, അവയെല്ലാം വ്യർത്ഥമാണ്. അവനിൽ കേന്ദ്രീകരിച്ച ഒരു ജീവിതമാണ് ദൈവം ആഗ്രഹിക്കുന്നത്.

അന്ന് എന്റെ ചിന്തയിൽ ദൈവത്തിനുള്ള സ്ഥാനം വളരെകുറച്ചായിരുന്നു – ദൈവത്തെ ഒന്നു കാണുവാൻപോലും ഇപ്പോൾ ഞാൻ എന്തും നൽകും!

### "വസ്തുക്കളാൽ വഞ്ചിതരാകരുത്"

ഭൗതികമായ വസ്തുക്കളാൽ ഞാൻ വഞ്ചിക്കപ്പെട്ടതായിരുന്നു എന്റെ പ്രശ്നത്തിലെ ഒരു ഭാഗം. ആളുകൾ ഇന്ന് ഭൂമിയിൽ നിന്ന് പാതാളത്തിലേക്ക് വരികയാണെങ്കിൽ ആ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു.

ഭൗതിക സമ്പാദ്യങ്ങൾ എന്നെ രണ്ടു വിധത്തിലാണ് വഞ്ചിച്ചത്. ആദ്യമായി അവ എനിക്ക് വളരെ പ്രധാനപ്പെട്ടവയായിരുന്നു. ഇങ്ങനെ ആയിരുന്നു ഞാൻ ആ സാഹചര്യത്തെ തരം തിരിച്ചിരുന്നത് (അതിനെക്കുറിച്ച് ചിന്തിക്കുവാൻ ധാരാളം സമയമുണ്ടായിരുന്നു): നിങ്ങൾക്ക് വസ്തുക്കളെ *കാണാൻ* കഴിയും, എന്നാൽ ആത്മാവിനേയോ, ദൈവത്തേയോ, അല്ലെങ്കിൽ ആത്മിയ യാഥാർത്ഥ്യങ്ങളേയോ കാണുവാൻ കഴിയുന്നില്ല. വസ്തുക്കൾ നിരന്തരമായി നിങ്ങളിൽനിന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ആത്മാവ് പശ്ചാത്തലത്തിലിരുന്ന് നിങ്ങളുടെ ശ്രദ്ധക്കായി കാത്തിരിക്കുന്നു. വസ്തുക്കൾ പഞ്ചേന്ദ്രിയങ്ങളിലൂടെ നിങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കും, പക്ഷെ ആത്മാവ് വിവേചനത്തോടെ നോക്കിയിരിക്കും. ഭൗതികമായതും താല്ക്കാലികമായതും വാസ്തവത്തിൽ പ്രാധാന്യമുള്ളവയാണെന്ന് തോന്നുക എത്ര എളുപ്പമാണ്! ഒരാൾ പെട്ടെന്ന് നിസാരമായ കാര്യങ്ങളിൽ കുടുങ്ങിപോയേക്കാം – അങ്ങനെ ദൈവത്തെ മറക്കുകയും ചെയ്യും.

കൂടാതെ, സമ്പത്സമൃദ്ധി ദൈവത്തിന്റെ അനുഗ്രഹമാണെന്ന തോന്നലിനാലും ഞാൻ വഞ്ചിക്കപ്പെട്ടിരുന്നു. സമ്പത്വലയവും മനുഷ്യരാലുള്ള മാനവും കൊണ്ട്, ഞാൻ ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല എന്നു ചിന്തിക്കുവാൻ എനിക്ക് കഴിഞ്ഞില്ല. അതു മനസിലായപ്പോൾ ഞാൻ ഞെട്ടിപ്പോയി, തിരുവെഴുത്തു പറയുന്നതുപോലെ, ദൈവം പുറമെയുള്ളത് അല്ല, ഹൃദയങ്ങളെയാണ് നോക്കുന്നത്![1] വസ്തുക്കൾ എങ്ങനെ വഞ്ചിക്കുന്നു എന്നു നോക്കുക!

എന്നെ തെറ്റിദ്ധരിക്കരുത്. രാജാക്കന്മാരും മാന്യന്മാരും ധരിച്ചിരുന്ന രക്താംബരവും മാർദ്ദവമുള്ള വസ്ത്രവും ഞാൻ ധരിച്ചിരുന്നപ്പോൾ, ഞാൻ അത് ആസ്വദിച്ചിരുന്നു. വലിയ വിരുന്നും ആനന്ദവും ഞാൻ ആസ്വദിച്ചിരുന്നു. ഞാനുമായി ബന്ധപ്പെട്ടിരുന്നവരുടെ സ്തുതിയും ആർപ്പ് വിളിയും ഞാൻ ഇഷ്ടപ്പെട്ടിരുന്നു. അവയെല്ലാം ഇപ്പോൾ എന്റെ വായിൽ ചാരം പോലെ

കിടക്കുന്നു. അത് അറിഞ്ഞ ആൾ എന്ന നിലക്ക് ഞാൻ പറയുന്നു, ആ ആഡംബരജീവിതം ഒരു വിലയുമില്ലാത്തതാണ്. നീതിയുള്ള വസ്ത്രത്തെ ഞാൻ രക്താംബരത്തിനും മാർദ്ദവ വസ്ത്രത്തിനും, ദൈവവുമായുള്ള നിത്യ മായ വിരുന്നിനെ ഞാൻ ഭൂമിയിലെ നിഷ്പ്രഭമായവക്കായും വിറ്റുകളഞ്ഞു. മനുഷ്യരുടെ കരഘോഷത്തിനായി ഞാൻ ദൈവത്തിന്റെ അംഗീകാരത്തെ വിറ്റുകളഞ്ഞു. എത്ര മോശമായ വ്യാപാരം!

സമ്പാദിക്കുന്നതല്ല തെറ്റ്, സമ്പാദ്യത്തിന് ഊന്നൽകൊടുക്കുന്നതും, അവക്ക് പ്രാധാന്യം കല്പിക്കുന്നതുമാണ് മനുഷ്യന്റെ ആത്മാവിനെ നശി പ്പിക്കുന്നത്. വസ്തുക്കൾ നിങ്ങളെ നിയന്ത്രിക്കുമ്പോൾ, നിങ്ങൾ നഷ്ടപ്പെ ടുന്നു.

ഓ, ഒരുവിധത്തിൽ നോക്കിയാൽ ഈ പോയിന്റ് ശക്തമാകും! തങ്ങ ളുടെ ജോലിയിൽ സമയം മുഴുകി കഴിയുന്നവർ ദൈവത്തിനു വേണ്ടി സമയം ചെലവിടുവാൻ ഇല്ലാത്തവരേ, ഒഴിവു സമയം മറ്റുള്ളവർക്കുവേണ്ടി ഉപ യോഗിക്കാതെ തങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നവരേ, ആത്മിയകാര്യങ്ങ ളേക്കാൾ ഭൗതികകാര്യങ്ങളെ കൂടുതലായി വിചാരപ്പെടുന്നവരേ, ഞാൻ എന്നെത്തന്നെ ഉദാഹരണമായി എടുത്തു ശക്തമായി പറയട്ടെ: *അത്തരം ജീവിതരീതി ഒരു വിലയും ഇല്ലാത്തതാകുന്നു!* ഈ സമയത്ത് ഒരാളുടെ മൂല്യബോധത്തിനു വളരെ ഫലമുണ്ട്.

### "നിങ്ങളുടെ അവസരങ്ങൾ ഉപയോഗിക്കുക"

*ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനുള്ള അവസരമാണ്* ഒരു വ്യക്തി നോക്കേണ്ടത്. പുറകോട്ടു നോക്കിയാൽ, എനിക്ക് ധാരാളം അവസ രങ്ങൾ ലഭിച്ചിരുന്നതായി ഞാൻ ഇപ്പോൾ തിരിച്ചറിയുന്നു. ആ അവസരങ്ങ ളെല്ലാം എനിക്ക് പരീക്ഷണ അവസരങ്ങളായിരുന്നു എന്ന് ഞാനിപ്പോൾ ദുഃഖത്തോടെ തിരിച്ചറിയുന്നു.

ലാസർ എന്ന ആ ഭിക്ഷക്കാരനെ ഒന്നു ചിന്തിച്ചു നോക്കുക. (ആ ഒരു ഉദാഹരണം ഞാൻ ഒരിക്കലും മറക്കുകയില്ല!) ആ ചിന്ത എന്നെ അല്പമെ ങ്കിലും കുഴപ്പത്തിലാക്കിയെങ്കിൽ, എന്റെ നിത്യമായ രക്ഷ ദരിദ്രരോടുള്ള പെരുമാറ്റത്തെ ആസ്പദമാക്കിയാണിരിക്കുന്നതെന്ന് ഞാൻ പറയും. എനിക്ക് എത്രമാത്രം തെറ്റുപറ്റിപ്പോയി!

അവന്റെ സാന്നിധ്യം ഞാൻ അറിഞ്ഞതായി ഭാവിച്ചില്ല – മറ്റെന്തിനേ ക്കാളും അതൊരു ശല്യമായി കരുതി. പാലസ്തീനിൽ ഒരു ഡസനിലേറെ ഭിക്ഷക്കാരുണ്ടായിരുന്നു. അവന്റെ ശരീരത്തിൽ വൃണങ്ങളുമുണ്ടായിരുന്നു. അതുകൊണ്ട് എച്ചിലുകൾക്കായി അവനു പട്ടികളെ ഓടിക്കേണ്ടിയിരുന്നു. എന്തായിരുന്നു എന്റെ മറ്റൊരു തെറ്റ്? ആ ലാസർ എന്റെ പടിപ്പുരക്കൽ കിട ന്നപ്പോൾ ഞാൻ അവനെ ശ്രദ്ധിച്ചില്ല. എനിക്ക് മറ്റു പല "പ്രധാന" കാര്യ ങ്ങളും ചിന്തിക്കുവാനുണ്ടായിരുന്നു – ഞാൻ എന്തു വിഡ്ഢിയായിരുന്നു.

ഞാൻ എന്തുകൊണ്ടാണ് ആ ഭിക്ഷക്കാരനെ സഹായിക്കാതിരുന്നതു എന്ന ചോദ്യത്തിനു എന്റെ പക്കൽ ധാരാളം ഉത്തരങ്ങൾ റെഡിയായിട്ടു ണ്ടായിരുന്നു: "ദൈവാലയത്തിനു വേണ്ട തുകയെല്ലാം ഞാൻ കൊടുത്തി ട്ടുണ്ട്; അവനെ നോക്കേണ്ടതു അവരാണ്"; "ഞാൻ ഈ ഒരു ഭിക്ഷക്കാ രനെ സഹായിക്കുകയാണെങ്കിൽ മറ്റെല്ലാവരെയും സഹായിക്കണം"; "ഇതു എന്റെ മാത്രം ജോലി അല്ല, എല്ലാവരുടേയും ജോലിയാണ്."

രണ്ട് കാര്യങ്ങൾ കാണുന്നതിൽ ഞാൻ പരാജയപ്പെട്ടു: (1) അടിയിൽ കറയും അഴിമതിയുമുള്ള മനുഷ്യനായിരുന്നു ... അതേസമയം അവനിൽ ഒരാത്മാവുണ്ടായിരുന്നു ... ഒരു സഹമനുഷ്യനുമായിരുന്നു. അവനെ ശുശ്രൂഷിപ്പാൻ കഴിയാതിരുന്നതുകൊണ്ട്, ഞാൻ എന്റെ മനുഷ്യത്വത്തെ തള്ളിക്കളഞ്ഞു. (2) *എന്റെ* പടിപ്പുരക്കൽ കിടന്നതുകൊണ്ട് അവൻ *എന്റെ* പ്രത്യേക ഉത്തരവാദിത്വത്തിൽ പെട്ടിരുന്നു. അവൻ *എന്റെ* പരീക്ഷണവും *എന്റെ* ഉത്തരവാദിത്വവും ആയിരുന്നു – ആ പരീക്ഷണത്തിൽ ഞാൻ ഭയങ്കരമായി പരാജയപ്പെട്ടു.

വ്യക്തിപരമാക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചിരുന്നു എങ്കിൽ: നിങ്ങളുടെ ലോകത്തുനിന്ന് ഞാൻ കേൾക്കുന്നത് (ദിവസേന എത്തുന്നവരിൽ നിന്ന്), അത് ഒരു അവസരമുള്ള ലോകമാണ്. എന്റെ കാലത്തെ നിലവാരമനുസരിച്ച് ഞാൻ ധനവാനായിരുന്നു എങ്കിലും, ഇവിടെയുള്ള ചിലർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളുമായി താരതമ്യം ചെയ്താൽ, എനിക്കുണ്ടായിരുന്നത് ഒന്നുമല്ലായിരുന്നു. മറ്റുള്ളവരെ സഹായിക്കുവാനുള്ള ബഹുവിധമായ അവസരങ്ങളെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്, ദൈവവചനം പഠിപ്പിക്കുവാനുള്ള വലിയ അവസരവും നൂറുകണക്കിനു വഴികളിൽ കർത്താവിനെ സേവിപ്പാനുള്ള മനോഹരമായ അവസരങ്ങളും ലഭ്യമാണ്. അറിവുള്ള ഒരാളുടെ ഉപദേശം തേടുക: നിങ്ങളുടെ അനുഗ്രഹങ്ങളെ നിസാരമായി കരുതരുത്. നിങ്ങളുടെ വരങ്ങൾ ദൈവത്തിനായി ഉപയോഗിക്ക. നന്മചെയ്യാനുള്ള അവസരങ്ങൾ ഉപയോഗിക്ക.

മോഷ്ടിക്കുവാനും, കൊല്ലുവാനും, അല്ലെങ്കിൽ അധാർമികനായും നഷ്ടപ്പെടുക എന്നത് പ്രയാസമുള്ള കാര്യമല്ല എന്ന് ഞാൻ ശീലിക്കേണ്ടിയിരുന്നു. *സജീവമായി നന്മ ചെയ്യുന്ന ഒരു ജീവിതം നയിക്കുന്നതിലെല്ലാം ഞാൻ പരാജയപ്പെട്ടിരുന്നു.*[2]

### "'നരകം' ഒരു ഭയങ്കരസ്ഥലമാണ്"

അത് എന്നെ രണ്ടാമത്തെ ചിന്തയിലേക്ക് കൊണ്ടുവരുന്നു – ഞാൻ മനസിലാക്കിയതും നിങ്ങൾക്ക് കൈമാറുവാൻ ആഗ്രഹിക്കുന്നതുമായ അടുത്ത കാര്യം: *"നരകം" ഒരു ഭയങ്കരസ്ഥലം* ആകയാൽ നിങ്ങളുടെ ജീവിതം ദൈവത്തിനുവേണ്ടി ഉപയോഗിക്ക!

ഗ്രീക്ക് ഭാഷയിൽ നിത്യ ദണ്ഡനത്തിനു ശിക്ഷിക്കപ്പെട്ടവരുടെ സ്ഥലമായ *ഗെഹന്നയിൽ* ഞാൻ എത്തിയിട്ടില്ലാത്തതുകൊണ്ട് "നരകം" എന്നത് ഉദ്ധരണിയിലാണ് പറഞ്ഞിരിക്കുന്നത്. ഇപ്പോൾ ഞാൻ മരിച്ചവർക്കുള്ള മദ്ധ്യസ്ഥാനമായ പാതാള ലോകത്തിലാണ്, അവിടെ മരിച്ചവരെയെല്ലാം കാണാം. നിങ്ങളുടെ ഏറ്റവും സാധാരണമായ വെർഷൻ[3] തർജ്ജിമചെയ്തിരിക്കുന്നത് മുന്ന് വ്യത്യസ്ത വാക്കുകളാലാണെന്ന് എന്റെ കൂട്ടുകാർ പറഞ്ഞിട്ടുണ്ട്, അത് "നരകത്തെ" മൂന്ന് വ്യത്യസ്ത അവസ്ഥകളായി സൂചിപ്പിച്ചിരിക്കുന്നു.[4] ഇത് തികച്ചും തെറ്റിദ്ധരിപ്പിക്കുന്നതാണ് "നരകത്തിന്," പകരം എന്റെ സംഭവത്തിൽ (നിങ്ങളുടെ തിരുവെഴുത്തിൽ ലൂക്കൊസ് 16 ൽ കാണുന്ന), "പാതാളം," എന്നാണ് ഉപയോഗിക്കേണ്ടിയിരുന്നത്.[5] ആ ഗ്രീക്കുവാക്കിന്റെ അർത്ഥം "കാണപ്പെടാത്ത [ലോകം]." "പാതാളം" അത് ഒരു അവസ്ഥയല്ലാതെ സ്ഥലമല്ല. തീർച്ചയായും ആ ആശയം പൂർണമായും മനസിലാക്കുവാൻ വേറെ വഴിയൊന്നുമില്ല; അതുകൊണ്ട് ഇപ്പോൾ ആ വസ്തുത സ്വീക

രിക്കാം നിങ്ങൾ മരിക്കുന്നതിനു മുമ്പ് ക്രിസ്തു വന്നില്ലായെങ്കിൽ നിങ്ങൾ ഇവിടെ എത്തുകയും, ഈ സ്ഥലം എങ്ങനെ ആയിരിക്കുമെന്ന് നിങ്ങൾ നേരിട്ട് അറിയുകയും ചെയ്യും.

നന്മ ചെയ്താലും, തിന്മ ചെയ്താലും മരിച്ച ആത്മാക്കളുടെ സ്ഥാനമാണ് പാതാളം, അന്ത്യ ന്യായവിധിക്കായി കാത്തിരിക്കുന്നത് അവിടെയാണ്. ഒരു "ഭാഗം" (കൃത്യമല്ലാത്ത വാക്ക്, ഈ ആശയത്തെ വ്യക്തമാക്കുന്ന മറ്റൊരു വാക്ക് എന്റെ ചിന്തയിൽ വരുന്നില്ല) നന്മ ചെയ്തവർക്കും, മറ്റൊരു "ഭാഗം" തിന്മ ചെയ്തവർക്കും ഉള്ളതാണ്. അതു കൊണ്ട്, നോക്കുക, ഞാൻ നരകത്തിലല്ല, പാതാളത്തിൽ, അന്തിമ ശിക്ഷക്കായി കാത്തിരിക്കുന്നു.

ഇത് പറയുമ്പോൾ, വാസ്തവത്തിലുള്ള പരിശീലനത്തിൽ മരിച്ചശേഷം ഉള്ള മദ്ധ്യ സ്ഥാനത്തിനും അന്തിമ സ്ഥാനത്തിനും വലിയ വ്യത്യാസമില്ല. ദൈവത്തോട് സത്യസന്ധത പുലർത്തിയവർ ഇവിടെ അതീവസന്തുഷ്ടരാണ്–എന്നാൽ കർത്താവിനോട് അവിശ്വസ്തത കാണിച്ച ഞങ്ങൾ, ഭയങ്കരമായ അസന്തോഷത്തിലാണ്.

പാതാള ലോകത്തിൽ ഉള്ള എന്റെ അവസ്ഥയുടെ ഭീകരത പറഞ്ഞറിയിക്കുവാൻ മറ്റൊരു വഴിയുമില്ല. അത് മനുഷ്യന് മനസിലാക്കാൻ കഴിയുന്നതിൽ ഉപരിയാണ്. ഈ സ്ഥാനത്തെ മനസിലാക്കിയവർ ദൈവത്തോടടുക്കുവാൻ ആസമയം തന്നെ തയ്യാറാവും. എന്റെ വേദന വാക്കുകളാൽ വിവരിക്കുവാൻ അസാദ്ധ്യമാണ്, എന്നാൽ ഒരുപക്ഷെ നിങ്ങൾ ഇവിടെ വരാതിരിക്കേണ്ടതിന് തീരുമാനമെടുക്കാൻ നിങ്ങൾക്ക് ശക്തി ലഭിച്ചേക്കാം.

**യാതനാസ്ഥലം**

ആദ്യമായി, പാതാളത്തിലെ എന്റെ സ്ഥാനം യാതനയുള്ളതാണ്. ഈ യാതനാസ്ഥലത്തെ വിവരിക്കുവാൻ എന്റെ ഭാഷയിൽ മതിയായത്ര വാക്കുകളില്ല. ആ ആശയം ബോധ്യപ്പെടുത്തുവാൻ നിങ്ങളുടെ തിരുവെഴുത്തിൽ തീ എന്ന് ആലങ്കാരികമായി ഉപയോഗിച്ചിട്ടുണ്ടല്ലോ, ആ അലങ്കാരം നല്ലതാണ്. നിങ്ങൾക്ക് എപ്പോഴെങ്കിലും തീ കൊണ്ട് പൊള്ളലേറ്റിട്ടുണ്ട് എങ്കിൽ അത് എത്രമാത്രം വേദനിപ്പിക്കുന്നതാണെന്ന് നിങ്ങൾക്ക് അറിയാം. ആ വേദന ഓർമിക്കുക. പിന്നെ നിങ്ങളുടെ ശരീരത്തിന്റെ ഓരോ ഭാഗവും പൊള്ളുന്നതായി ചിന്തിക്കുക അവസാനം, *ഉള്ളിലും* പൊള്ളുന്നതായി ചിന്തിക്കുക–നിങ്ങളുടെ ആത്മാവ് നിത്യാഗ്നിയിൽ, എല്ലായ്പ്പോഴും പൊള്ളിക്കൊണ്ടിരിക്കുകയും തീ കെടാതിരിക്കുകയും ചെയ്യുന്നത് ഊഹിക്കുക.

അതിനെക്കുറിച്ചുള്ള ചിന്ത എന്നിൽ ബുദ്ധിഭ്രമമാണ് ഉണ്ടാക്കുന്നത്! ഓ, ഏറ്റവും ചെറിയ ആശ്വാസത്തിനായി! എന്റെ ചെറുവിരൽ നനച്ച് എന്റെ നാവിനെ ഒന്ന് തണുപ്പിച്ചിരുന്നെങ്കിൽ! ആ സങ്കടം, ആ വേദന, ആ ദുഃഖം നിത്യതമുഴുവൻ ഉള്ളതാണ് ... എനിക്ക് അത് എങ്ങനെ സഹിക്കുവാൻ കഴിയും?

ഞാൻ എന്നെത്തന്നെ വലിച്ചെടുത്ത് ഈ കത്ത് അവസാനിപ്പിക്കട്ടെ. ഈ അവസ്ഥയിൽ എന്റെ ചിന്തകൾ ക്രമപ്പെടുത്തുവാൻ കഴിയാത്തതുകൊണ്ട് നിങ്ങളെന്നെ അനുമോദിക്കയില്ല എന്ന് എനിക്കറിയാം. ശ്രമം എന്റെ കഴിവിനപ്പുറമാണ്. എങ്ങനെ ആയാലും, ഒരാത്മാവെങ്കിലും ഇവിടെ വരാതിരിക്കുവാൻ ഈ ശ്രമത്തിന് കഴിഞ്ഞാൽ അത് വിലയുള്ളതാകും.

**ഓർമയുള്ള സ്ഥാനം**

ഇത് ഒരു യാതനാസ്ഥലം എന്നതിന് പുറമെ ഓർമയുള്ള മർമ സ്ഥാനം കൂടെയാണ്. എന്റെ കാലത്ത്, മനുഷ്യന് ആത്മാവില്ലാത്തത് കൊണ്ട്, മരിച്ചുകഴിഞ്ഞാൽ അബോധാവസ്ഥയിലേക്കാണ് പെകുന്നതെന്ന് സദൂക്യർ വാദിച്ചിരുന്നു. അത് അങ്ങനെ ആയിരുന്നു എങ്കിൽ കൊള്ളാമായിരുന്നു എന്ന് ഞാൻ ആഗ്രഹിക്കുന്നു! സത്യവസ്തുത എന്തെന്നാൽ, മരണശേഷം, അവൻ എല്ലാം അറിയുകയും–താൻ എവിടെയാണെന്നും തനിക്ക് സംഭവിച്ചത് എല്ലാം, നിത്യമായ കാര്യങ്ങളും സുബോധപുർവ്വം അവനിൽ ഉണ്ടാകും.

മനസ്സ് ശരീരത്തിൽ നിന്നും വേർപിരിയുമ്പോൾ, അവനു മനസിലാക്കുവാനുള്ള കഴിവ് വർദ്ധിക്കയാണെന്ന് തോന്നും. അത് എന്തു കൊണ്ടാണെന്ന് എനിക്ക് തീർച്ചയില്ല. ഒരുപക്ഷെ മനസ്, ശരീരത്തിൽ നിന്ന് മോചിതമായതുകൊണ്ടാകാം, സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവത്തിന്റെ മനസ്സോടുകൂടെ താതാത്മ്യം പ്രാപിക്കുന്നത് കൊണ്ടാവാം–നിങ്ങൾ രക്ഷിക്കപ്പെട്ടവരുടെ ഗണത്തിലാണെങ്കിൽ സാഹചര്യം മനോഹരമായിരിക്കും! എന്നാൽ നശിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ആണെങ്കിൽ നിങ്ങളുടെ അവസ്ഥ ഭയങ്കരമായിരിക്കും! കാരണമെന്തായാലും, മുമ്പ് എനിക്ക് അറിയാതിരുന്ന പലതും ഇപ്പോൾ അറിയുന്നുണ്ട്. ഉദാഹരണത്തിന്, അബ്രഹാമിനെ എനിക്ക് തിരിച്ചറിയുവാൻ കഴിഞ്ഞു (അവൻ പാതാളത്തിൽ തന്നെ നീതിമാന്മാർക്കുള്ള "മറ്റൊരു വശത്ത്" ആണുള്ളത്), അത് ഞാൻ മുമ്പ് ഒരിക്കലും കണ്ടിട്ടില്ല.

എനിക്ക് പഴയ ഓർമകൾ ഇപ്പോഴും ഉണ്ട്–ഞാൻ ഇവിടെ രണ്ടായിരം വർഷം കഴിഞ്ഞിട്ടും എന്റെ ഒർമകൾ മാഞ്ഞുപോയില്ല, ആ ഓർമകൾ ദയവില്ലാതെ എന്നെ പിൻതുടരുന്നു. അബ്രഹാമിന്റെ ഈ വാക്കുകൾ ഞാൻ ഒരിക്കലും മറക്കുകയില്ല, "മകനേ, ഓർമിക്കുക ..." നഷ്ടപ്പെടുത്തിയ അവസരങ്ങൾ മറക്കുവാൻ എനിക്ക് കഴിഞ്ഞിരുന്നു എങ്കിൽ! എന്റെ ജീവിതം പാഴാക്കിയതിനെക്കുറിച്ച് എനിക്ക് മറക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ! വീണ്ടെടുക്കപ്പെട്ടവരുടെ അവസ്ഥ പെട്ടെന്ന് തീരുന്ന നിസാരമായ ഒന്നല്ല എന്ന കാര്യം മറക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ!

അടുത്ത സമയത്ത് വന്ന ഒരാൾ നിങ്ങൾ ആകാശത്തിലേക്ക് റോക്കറ്റുകൾ അയച്ചതിനെക്കുറിച്ച് പറയുകയുണ്ടായി. അതിന്റെ തുടക്കത്തിൽ സഞ്ചാരപഥത്തിലെ ഒരു ചെറിയ ചരിവിനുപോലും ആയിരക്കണക്കിനു മയിലുകൾ അവസാനിപ്പിക്കുവാൻ കഴിയുമെന്ന് പറഞ്ഞതായി കേട്ടു. എന്നാൽ നിത്യത എങ്ങനെ ഇരിക്കുമെന്ന് ചിന്തിക്കുക! ചെറിയ കാര്യങ്ങൾ ചെറിയ തിരഞ്ഞെടുപ്പുകൾ, ശരിയായതോ തെറ്റായതോ ആയ അപ്രധാനമായ തീരുമാനങ്ങൾ – എന്നിവ പലപ്പോഴും നിങ്ങളുടെ അന്തിമമായ വിധിയെ നിർണ്ണയിക്കുന്നു. നിങ്ങൾ ഇവിടെ വന്നാൽ, എന്നെപ്പോലെ എടുത്ത ഓരോ "നിസാരമായ" തീരുമാനങ്ങളാൽ സ്വയം ചോദിക്കും: "ഞാൻ എന്തിനാണ് അത് ചെയ്തത്? ഞാൻ എന്തു കൊണ്ടാണ് അത് ചെയ്യാതിരുന്നത്?"

രക്ഷിക്കപ്പെട്ടവരുടെ അനുഗ്രഹത്തെക്കുറിച്ചുള്ള ഓർമ്മ താരതമ്യം ചെയ്യാവുന്നതിൽ ഉപരിയാണ്, എന്നാൽ നഷ്ടപ്പെട്ടവർക്കോ, മനസിലാക്കാവുന്നതിലുപരിയായ ശാപവുമാണ്. നിങ്ങൾ ഈ സന്ദേശം ശ്രദ്ധിക്കാതിരുന്നാൽ, തീർച്ചയായും നിങ്ങൾ ഇവിടെ എത്തുകയും നിങ്ങളെ ഞാൻ മുന്നറിയിച്ചത് നിങ്ങൾ ഓർക്കയും ആ ശ്രദ്ധിക്കാതിരിക്കൽ നിത്യത മുഴുവൻ നിങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കയും ചെയ്യും.

**സ്ഥിരമായ ഒരു സാഹചര്യം**

ആശ്വാസത്തിന്റെ പ്രത്യാശയുണ്ടെങ്കിൽ നമ്മുടെ സാഹചര്യങ്ങൾ നമുക്ക് സഹിക്കുവാൻ കഴിയും. നാം അത് അറിയുകയാണെങ്കിൽ, ആയിരം വർഷം കഴിയുമ്പോൾ അല്ലെങ്കിൽ ദശലക്ഷം വർഷം കഴിയുമ്പോൾ അല്ലെങ്കിൽ ഒരു കോടി വർഷം കഴിയുമ്പോൾ, അതിന് ഒരവസാനം ഉണ്ടാകം, അതു വരെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ നമുക്ക് അത് സഹി ക്കുവാൻ കഴിഞ്ഞെന്നുവരാം. പക്ഷെ ഇവിടത്തെ അവസ്ഥ അതല്ല. യാതന, ഇവിടെ ആരംഭിച്ച് *ഗെഹന്ന*യിൽ തുടരുന്നത്, മിക്കവാറും സ്ഥിരമാണ്.

ഞാൻ ഇവിടെ ആദ്യം എത്തിയപ്പോൾ അബ്രഹാമിന്റെ വാക്കുകൾ കേട്ടത് എത്ര ഭയാനകമായിട്ടായിരുന്നു! "ഇതിനെല്ലാം പുറമെ, ഞങ്ങൾക്കും നിങ്ങൾക്കും തമ്മിൽ വലിയോരു പിളർപ്പ് *ഉണ്ട്,* അതുകൊണ്ട് അവിടെനിന്ന് ആർക്കെങ്കിലും ഇവിടേക്കു വരുവാനോ, ഇവിടെ നിന്ന് ആർക്കെങ്കിലും അവി ടേക്ക് വരുവാനോ കഴികയില്ല."[6] ഒരു വലിയ പിളർപ്പ് ... ദൈവവഴി തള്ളി ക്കളഞ്ഞതു കൊണ്ട് ഞങ്ങൾ തന്നെയാണ് ആ വലിയ പിളർപ്പ് കുഴിച്ചത്[7]... ആ വലിയ പിളർപ്പ് നിത്യത മുഴുവൻ ഉള്ളതാണ്!

എന്റെ സ്നേഹിതാ, എന്നെ ശ്രദ്ധിക്കുക: ഈ സാഹചര്യം മറികടക്കു വാൻ വഴിയുണ്ടെന്ന് പറയുന്നവരെ വിശ്വസിക്കരുത്. പണം കൊടുത്താൽ, ആ കാലയളവ് ചുരുക്കുവാൻ കഴിയും എന്ന് പറയുന്നവരെ വിശ്വസിക്ക രുത്. ആ വേദന എന്നേക്കും ഉള്ളതായിരിക്കും. ഇന്ന് ആ വേദനയിലായിരി ക്കുന്ന ഞങ്ങൾ, എന്നേക്കും അതേ വേദനയിൽ തന്നെയായിരിക്കും. ഇപ്പോൾ മുതൽ നൂറ് ദശലക്ഷം വർഷം വരേയും, പിന്നീടും ഒരു നൂറ് ദശ ലക്ഷം വർഷവും അങ്ങനെ ആ വേദന നീണ്ടുപോകും, ഞങ്ങൾക്ക് ഒരി ക്കലും ആശ്വാസമില്ല. ഞങ്ങൾ നരകയാതനക്കായി കാത്തിരിക്കുന്നു, നാളെയും നിത്യത മുഴുവനും ഞങ്ങൾ ആ നരകയാതനയിൽ തന്നെ ആയി രിക്കും![8]

### "വിചാരപ്പെടേണ്ട സമയം ഇപ്പോഴാണ്"

രണ്ട് കാര്യങ്ങൾക്ക് ഞാൻ ഊന്നൽ കൊടുത്തിരിക്കുന്നു: (1) നിങ്ങളുടെ ജീവിതം ദൈവത്തിന് വേണ്ടി ഉപയോഗിക്കുക, കാരണം (2) "നരകം" ഒരു ഭയാനക സ്ഥലമാണ്. അത് എന്നെ അവസാന പ്രബോധനത്തിലേക്ക് നയിക്കുന്നു: *ഇപ്പോഴാണ് വിചാരിക്കേണ്ട സമയം.*

**മറ്റുള്ളവരെക്കുറിച്ച് ഇപ്പോൾ ചിന്തിക്കുക**

മരിക്കുന്നതുവരെ, മരണത്തിന്റെ ആശ്ചര്യം നിങ്ങൾ ഒരിക്കലും അറിക യില്ല. നിങ്ങൾ പല പദ്ധതികളും തയ്യാറാക്കും. പിന്നെ–മയങ്ങും–നിങ്ങൾ മരി ച്ചിരിക്കും. ഒരുങ്ങിയാലും ഇല്ലെങ്കിലും, നിങ്ങളുടെ ജീവിതം പെട്ടെന്ന് കഴി യും.

ഞാൻ ഇത് പറയുവാൻ കാരണം നിങ്ങൾ മറ്റാരെയെങ്കിലും സഹായി ക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ, അത് ഇപ്പോഴാണ് ചെയ്യേണ്ടത്. ഈ ദിവസം തീരുന്നതിനുമുമ്പ് നിങ്ങൾ മരിച്ചുപോയേക്കാം. ഞാൻ നിങ്ങളെ ഭയപ്പെടു ത്തുകയല്ല; ഞാൻ പറയുന്നത് വാസ്തവമാണ്.

എനിക്ക് അഞ്ച് സഹോദരന്മാർ ഉണ്ടായിരുന്നു. എന്നാൽ ഞാൻ ജീവ

നോടെ ഇരുന്നപ്പോൾ, അവരുടെ ആത്മാക്കളെക്കുറിച്ച് ഞാൻ ചിന്തിച്ചിരു*ന്നില്ല*. ഞാൻ അവരെ പലപ്പോഴും കണ്ടിരുന്നു. ചിലപ്പോൾ ഞങ്ങളുടെ കുടുംബങ്ങൾ ഒത്തൊരുമിച്ചിരുന്നു. എന്നിരുന്നാലും, അവരുടെ ആത്മീയ അവസ്ഥയെക്കുറിച്ച് ഞാൻ ഒരിക്കലും വിചാരിച്ചില്ല. പിന്നെ, ഞാൻ മരിച്ച ശേഷം–ജീവിതമെന്തെന്ന് ഞാൻ മനസിലാക്കിയശേഷം–ഈ നശിച്ച യാതന ഞാൻ അനുഭവിച്ചശേഷം, അവരുടെ ഒരുക്കമില്ലായ്മയാണ് എന്റെ മനസിലേക്ക് ഏറ്റവും അധികമായി കടന്നുവരുന്നത്. "നിങ്ങളുടെ ജീവിതം മാറ്റുക" എന്ന് വിളിച്ചു പറയുവാൻ, അവരുടെ അടുക്കലേക്ക് മടങ്ങിച്ചെന്ന് എന്തെങ്കിലും ചെയ്യുവാനോ അല്ലെങ്കിൽ ലാസറെ അയക്കുവാനോ ഞാൻ കേണപേക്ഷിച്ചു!

മടങ്ങിപ്പോകുവാൻ ഒരുവഴിയുമില്ല. നിങ്ങളുടെ ലോകത്തിലുള്ള ചിലർക്ക് മരിച്ചവരുമായി ആശയവിനിമയം നടത്തുവാൻ കഴിയുമെന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. അവർ ഒന്നുകിൽ നുണയന്മാർ അല്ലെങ്കിൽ സ്വയം–വഞ്ചിക്കപ്പെട്ടവർ. എന്റെ സഹോദരന്മാരുടെ അടുത്തേക്ക് ഈ സന്ദേശം എത്തിക്കുവാൻ ഒരു വഴിയുമില്ല. എന്റെ അവസരങ്ങൾ കഴിഞ്ഞിരിക്കുന്നു. അങ്ങനെ എന്റെ സഹോദരന്മാർ ഓരോരുത്തരായി മരിച്ചു. ഓരോരുത്തരായി, അവർ ഇവിടെ എത്തി. ഒരിക്കൽ ഞാൻ സ്നേഹിച്ച സഹോദരങ്ങളുടെ കരച്ചിലും നിലവിളിയും ഭയങ്കരമായിതീർന്നു!

നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വ്യക്തി ആരാണ്? ഒരു ബന്ധുവാണോ? ഒരു സ്നേഹിതനാണോ? ഒരു അയൽക്കാരനാണോ? അയാളുടെ അടുക്കലേക്ക് ഇപ്പോൾ തന്നെ പോകുക. ഇപ്പോൾ തന്നെ അയാളോട് ദൈവത്തെക്കുറിച്ചും നിത്യതയെക്കുറിച്ചും പറയുക. ദൈവേഷ്ടം അറിയുവാനുള്ള ഏക വഴി തിരുവെഴുത്താണെന്ന് (അബ്രഹാം പണ്ട് എന്നോട് പറഞ്ഞതുപോലെ) വിവരിച്ച് കൊടുക്കുക. പിന്നെ പിതാവിന്റെ അടുക്കലേക്ക് വരുവാൻ അവനെയോ അല്ലെങ്കിൽ അവളെയോ പ്രോത്സാഹിപ്പിക്കുക. ഭീരുത്വമോ അഹങ്കാരമോ നിങ്ങളെ അതിൽനിന്ന് പിൻതിരിപ്പിക്കരുത്. യാചിക്കുക, കെഞ്ചുക, അപേക്ഷിക്കുക, അഭ്യർത്ഥിക്കുക, കേണപേക്ഷിക്കുക – കാരണം ആത്മാവ് അപകടത്തിലാണ്, ആത്മാവ് എവിടെയെങ്കിലും നിത്യത ചെലവഴിക്കണം.

ഞാൻ മരിച്ച് അധികം കഴിയുന്നതിനു മുമ്പ്, മശിഹ ക്രൂശിൽ മരിച്ചു – നിങ്ങൾ അവനെ യേശു എന്ന് വിളിക്കുന്നു. അവൻ മരിച്ച് മൂന്നു ദിവസത്തോളം അവന്റെ ആത്മാവ് പാതാളത്തിലായിരുന്നു.[9] ആ പളർപ്പിനപ്പുറം എനിക്കവനെ കാണുവാൻ കഴിഞ്ഞു, വീണ്ടെടുക്കപ്പെട്ടവരുടെ ആനന്ദഘോഷവും കേൾക്കുവാൻ കഴിഞ്ഞു. അവൻ ഒരു അത്ഭുത രക്ഷകൻ തന്നെയാകണം. തീർച്ചയായും, അവനെക്കുറിച്ച് നിങ്ങൾ ആളുകളോട് പറഞ്ഞാൽ, അനേകർ പ്രതികരിക്കും. അവർ പ്രതികരിച്ചില്ലെങ്കിലും, നിങ്ങൾ പറയേണ്ടത് പറഞ്ഞു എന്നതിൽ നിങ്ങൾക്ക് ആശ്വസിക്കാം.

**ഇപ്പോൾ നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നെ ചിന്തിക്കുക**

നിങ്ങൾ വാസ്തവത്തിൽ മറ്റുള്ളവരെക്കുറിച്ച് വിചാരപ്പെടുന്നതിന് മുൻപ്, നിങ്ങൾ ആദ്യം നിങ്ങളെക്കുറിച്ചു തന്നെ വിചാരപ്പെടുക. ഇവിടെ എല്ലാവരും ആശ്വാസത്തിനുവേണ്ടി നിലവിളിച്ചുകൊണ്ടിരിക്കുന്നു – എന്തെങ്കിലും ആശ്വാസത്തിന്. അതേ സമയം, മരണ*ശേഷമുള്ള* ആ ആശ്വാസം ലഭിക്കേണ്ടത് മരണത്തിന് മുമ്പാണെന്ന് ഞങ്ങൾക്കറിയാം. അന്ന് ഞങ്ങൾക്ക് അതിന് അവ

സരം ഉണ്ടായിരുന്നു.

കൃപായുഗത്തിൽ ജീവിച്ചിരിക്കുക എന്നത് എത്ര മനോഹരമാണ്, ആസ്വദിക്കാൻ പറ്റുന്ന അനുഗ്രഹങ്ങളെ ന്യായപ്രമാണവും പ്രവാചകന്മാരും മുന്നറിയിച്ചിരുന്നു! രക്ഷയുടെ നിബന്ധനകൾ ഈ അന്ത്യകാലത്ത് യേശുവിന്റെ യാഗത്തിൽ ആശ്രയിച്ച്, യേശുവിലേക്ക് തിരിഞ്ഞ്, സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെടുന്നവർക്ക് (മുങ്ങൽ) ഉള്ളതാണ്.[10] പിന്മാറിപ്പോയവർ തിരിച്ചുവരേണ്ടത് മാനസാന്തരപ്പെട്ട്, ഏറ്റുപറഞ്ഞ്, പ്രാർത്ഥിച്ചുകൊണ്ടാണ്.[11] അത് നിസാരമെന്ന് എനിക്ക് തോന്നുന്നു; ഈ നിസാരമായ കാര്യങ്ങൾ ചെയ്യാതിരിപ്പാൻ എങ്ങനെ കഴിയും എന്നാണ് എന്റെ ആലോചന. ഞാൻ എന്നെ മറക്കുന്നു: ഞാൻ എന്റെ അവസരം നഷ്ടപ്പെടുത്തി, അതുകൊണ്ട് അത്തരം അപകടം തീർച്ചയായും സംഭവിക്കാം.

എല്ലായ്പ്പോഴും അങ്ങനെ ആകുമോ? തീർച്ചയായും, ജീവിതമെന്താണെന്നും, മരണ ശേഷം എന്താണുള്ളതെന്നും അറിയുന്നു എങ്കിൽ, ആളുകൾ തങ്ങളുടെ ജീവിതങ്ങളെ പുന–പരിശോധിക്കയും ആവശ്യങ്ങൾ കണ്ടെത്തി നിറവേറ്റുകയും ചെയ്യും. അതുകൊണ്ട്, എന്റെ സംഭവം എത്രത്തോളം ആളുകളെ അറിയിക്കാമോ അത്രത്തോളം അറിയിക്ക. നിങ്ങൾ കണ്ടുമുട്ടുന്ന എല്ലാവരോടും ഈ സത്യം പറയുക. നിങ്ങൾ സർവ്വശക്തിയും ഉപയോഗിച്ച് അത് ആളുകളോട് പറയുക, കാരണം ആത്മാക്കളുടെ രക്ഷയും നാശവും നിങ്ങളുടെ ചുമലിലാണുള്ളത്. നിങ്ങൾ അത് പറഞ്ഞാൽ, ഒരാളെങ്കിലും ദൈവത്തോട് അടുക്കുകയോ അല്ലെങ്കിൽ കർത്താവിന്റെ ക്ഷണം സ്വീകരിക്കുകയോ ചെയ്താൽ, എന്റെ കഷ്ടത പൂർണമായും പാഴാവുകയില്ല.

ആദ്യം, എങ്ങനെയായാലും, നിങ്ങളുടെ സ്വന്ത രക്ഷ ഉറപ്പുവരുത്തുക. ഞാൻ ആയിരിക്കുന്ന സ്ഥാനത്ത്, എന്റെ പ്രിയസ്നേഹിതാ, നിങ്ങൾ ഒരിക്കലും വരരുതെന്നാണ് എന്റെ ആഗ്രഹം.

എന്നേക്കും വിട (ഞാൻ ആശിക്കുന്നു).
നിങ്ങൾക്ക് എന്നെ അറിയാമല്ലോ:
ലൂക്കൊസ് 16ൽ നിന്ന് ധനവാൻ

**••പ്രസംഗക്കുറിപ്പുകൾ••**

ലഘുലേഖാ രൂപത്തിൽ പ്രസിദ്ധീകരിച്ച പ്രസ്താവ്യ പ്രസംഗത്തിന്റെ പുനരവലോകനമാണ് ഇത്. ആദ്യത്തെ ലഘുലേഖ തയ്യാറാക്കിയത് ഹാൺ പബ്ളിഷിംഗ് കമ്പനി., ബോക്സ് 3426, പസാദേനാ, ടെക്സ് 77501. ഹാണിന്റെ അനുവാദത്തോടുകൂടിയാണ് ഇത് ഉപയോഗിച്ചിരിക്കുന്നത്. വർഷങ്ങൾക്ക് മുമ്പ്, ധനവാനിൽ നിന്ന് എഴുതിയ കത്ത് വായിച്ചതിനെപ്പറ്റി ഒരു ഉപദേഷ്ടാവ് എന്നോട് പറഞ്ഞു. ആ ഉപദേഷ്ടാവിന്റെ കത്തിൽ പറഞ്ഞത് എന്തെന്ന് എനിക്കറിയില്ലായിരുന്നു, എന്നാൽ ആ സംഭവമാണ് ""നരകത്തിൽനിന്നുള്ള കത്തിന്"" എന്നെ പ്രചോദിപ്പിച്ചത്.

ഞാൻ ഇത് ഒരു പ്രസംഗമായി ഉപയോഗിക്കുമ്പോൾ, അവതരണത്തിന് മുമ്പ് ആരോടെങ്കിലും ലൂക്കൊസ് 16:19–31 വായിക്കുവാൻ പറയും. ഞാൻ എഴുന്നേൽക്കുമ്പോൾ, തന്റെ സഹോദരന്മാരോട് ആശയ വിനിമയം ചെയ്യുവാൻ ധനവാനെ അനുവദി*ച്ചിരുന്നി*ല്ലാ എന്ന് ഞാൻ സദസ്യരെ ഓർപ്പിക്കും. പിന്നെ ഞാൻ ചോദിക്കും, "അവരോട് ആശയവിനിമയം ചെയ്യാൻ അവനെ

അനുവദിച്ചിരുന്നെങ്കിലോ? അവന്റെ സന്ദേശം എന്താകുമായിരുന്നു? അവനു ഇന്ന് നമ്മോട് ആശയവിനിമയം ചെയ്യുവാൻ കഴിഞ്ഞിരുന്നെങ്കിലോ? നാം എന്ത് അറിയണമെന്നാണ് അവൻ ആഗ്രഹിക്കുക? ഇന്ന്, ലൂക്കൊസ് 16ലെ ശക്തമായ സന്ദേശം അറിയിക്കുന്ന മാർഗ്ഗമായി, ധനവാന് നിങ്ങളോട് എഴുതുവാനുള്ള അനുവാദം കൊടുത്തു എന്ന് ഊഹിക്കുക." ഞാൻ ഒരു നീണ്ട കവർ എടുത്ത്, "അമേരിക്കയിലെ ഒരു സ്നേഹിതന്," എന്ന് എഴുതി വലതുവശത്ത് മുകളിലായി "ധനവാൻ, പാതാളലോകം." എന്നെഴുതിയ കവറിൽനിന്ന്, ആ കൈയ്യെഴുത്ത് എടുത്ത് വായിക്കുവാൻ തുടങ്ങി.

ഈ പഠനത്തിലെ കുറിപ്പുകൾ പറഞ്ഞിരിക്കുന്നത് ഞാൻ ധനവാന്റെ എഴുത്ത് വായിക്കുന്നതിൽ ഉള്ളതാണ്. എന്നിട്ട്, നിർത്തി, നോക്കി, പരാമർശിക്കും, പിന്നെ വായന തുടരും.

ഈ അവതരണത്തിന്റെ സമീപനം നിങ്ങൾക്കും നിങ്ങളുടെ പ്രസംഗം കേൾക്കുന്നവർക്കും ശരിയായിരിക്കുമോ? നിങ്ങൾക്ക് മാത്രമേ അതിനു ഉത്തരം നൽകുവാൻ കഴിയു.

---

**കുറിപ്പുകൾ**

[1]സ്പഷ്ടമായും, ധനവാൻ സുചിപ്പിക്കുന്നത് 1 ശമുവേൽ 16:7ആണ്. [2]അവന്റെ മനസിൽ മത്തായി 25:31–46 ആയിരിക്കാം ഉണ്ടായിരുന്നത്. [3]ഇത് കിങ് ജയിംസിലും, അതോറിവൈസ്ട് വെർഷനിലും മാത്രമാണ്. [4]മൂന്ന് ഗ്രീക്ക് വാക്കുകളാണ് *ഗെഹന്ന* (ദുഷ്ടന്റെ അന്തിമമായ സ്ഥാനത്തെ സുചിപ്പിക്കുന്നു–"തീപ്പൊയ്ക"), *പാതാളം* (അക്ഷരീകമായ അർത്ഥം "കാണപ്പെടാത്ത [ലോകം]" ന്യായവിധിക്ക് കാത്തിരിക്കുന്ന എല്ലാ ആത്മാക്കളുടേയും അവസ്ഥയെ സൂചിപ്പിക്കുന്നു (നന്മ ചെയ്താലും തിന്മ ചെയ്താലും) *യാതനാസ്ഥലം* (പാതാളത്തിൽ ന്യായവിധിക്കായി കാത്തിരിക്കുന്ന ദുഷ്ടന്മാരുടെ സ്ഥലം). ഒന്നാമത്തേതിനു, മത്തായി 23:33 നോക്കുക; രണ്ടാമത്തേതിന്, പ്രവൃത്തികൾ 2:31 നോക്കുക; മുന്നാമത്തേതിന് 2 പത്രോസ് 2:4 നോക്കുക. [5]കെജിവിയിൽ ലൂക്കൊസ് 16:23–ൽ "നരകം" എന്നാണ്, എന്നാൽ എൻഎഎസ്ബിയിൽ ഉപയോഗിച്ചിരിക്കുന്നത് "പാതാളം" എന്നാണ്. [6]അബ്രഹാമിൽനിന്നുള്ള ഉദ്ധരണി ലൂക്കൊസ് 16:26–ൽ നോക്കാം. [7]ഒരുപക്ഷെ ധനവാൻ സൂചിപ്പിച്ചത് യെശയ്യാവ് 59:1, 2 ഓ അതുപോലെയുള്ള മറ്റു വേദഭാഗങ്ങളോ ആകാം. [8]ചിലർ ഈ വേദഭാഗങ്ങൾ മാർജിനിൽ ചേർത്തിട്ടുണ്ട്: മത്തായി 25:46; മർക്കൊസ് 9:44; വെളിപ്പാട് 14:11. [9]ഇതു പ്രവൃത്തികൾ 2:31 മായി യോജിക്കുന്നു. ("ഹെൽ" എന്ന വാക്ക് കെജെവിയിൽ തർജിമ ചെയ്തിരിക്കുന്നത് "ഹേഡെസ്" എന്നാണ്). [10]ധനവാനു പുതിയനിയമ തിരുവെഴുത്തുകളെ കുറിച്ച് അറിവുള്ളതായി കാണിക്കുന്നു. അത്തരം വേദഭാഗങ്ങൾക്കുള്ള നല്ല ചുരുക്കമാണ്, മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; റോമർ 6:3–7 എന്നിവ.

[11]ഈ പ്രസ്താവന പ്രവൃത്തികൾ 8:22, 23; യാക്കൊബ് 5:16; 1 യോഹന്നാൻ 1:6 എന്നീ വേദഭാഗങ്ങളുടെ ചുരുക്കമാണ്.